LIBRARY ARCHIVES Kerala Legislative Assembly

കട്ടനാട്ടിലെ പി.എം.ജി.എസ്.വൈ. (പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന) പദ്ധതി പ്രവൃത്തികൾ

66 (3033) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എം. ജി. എസ്. വൈ. (പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി കട്ടനാട്ടിൽ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) ടി പ്രവൃത്തികൾ ഏതൊക്കെ കരാറുകാർ ഏറ്റെടുത്തുവെന്ന് വിശദമാക്കുമോ ;

(സി) കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾക്ക് അധികനിരക്ക് അനുവദിച്ച് റീ-ടെണ്ടർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) ഇപ്പോൾ പരിഗണനയിലില്ല.

ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

67 (3034) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്തെ ക്ഷീരകർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.